**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5701** **24-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ എന്ന് മുതലുള്ള വേതനമാണ് കുടിശികയായിട്ടുള്ളതെന്നും ഈയിനത്തിൽ എന്തു തുക കുടിശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം 2024 ഡിസംബർ 19 മുതൽ മുടങ്ങിയിട്ടുണ്ട്. 18.03.2025 തീയതിയിലെ കണക്ക് പ്രകാരം 2024-2025 സാമ്പത്തിക വർഷത്തിൽ അവിദഗ്ധ വേതന ഇനത്തിൽ 53484.089 ലക്ഷം രൂപയാണ് കേന്ദ്രസർക്കാരിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുള്ളത്. |
| (ബി) | കുടിശിക തീർത്ത് വേതനം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | 2024-25 വർഷത്തേക്ക് 10.50 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റ് പ്രൊപ്പോസൽ ആണ് സംസ്ഥാനം സമർപ്പിച്ചിരുന്നതെങ്കിലും 6 കോടി തൊഴിൽദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയത്. സംസ്ഥാനം ഇതുവരെ 8.57 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ലേബർ ബഡ്ജറ്റ് പുതുക്കുന്നതിനും, കുടിശ്ശിക ലഭ്യമാക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ കൃത്യസമയങ്ങളിൽ കേന്ദ്രസർക്കാരിൽ നൽകിയിട്ടുണ്ട്. ഏറ്റവും അവസാനം 20.03.2025 ന് മന്ത്രി തല കത്തും അയച്ചിട്ടുണ്ട്. എങ്കിലും കുടിശ്ശിക തുക ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ